(ഡി) മറ്റ് ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുന്ന രീതിയിൽ കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 1957-ലെ കേരള ഫാക്ടറീസ് നിയമത്തിലെ 3, 4, 5, എന്നീ വകുപ്പുകൾ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസ് അനുവദിക്കുന്നത്.

(ബി) മൂന്ന് അപേക്ഷകൾ

(സി) മൂന്നെണ്ണത്തിനും ലൈസൻസ് നല്കി. ഫാക്ടറിയുടെ പേര്, അപേക്ഷിച്ച തീയതി, ലൈസൻസ് നല്കിയ തീയതി എന്നീ ക്രമത്തിൽ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ഷിബി കാഷ്യൂ ഫാക്ടറി, കിളികൊല്ലൂർ, കൊല്ലം 12-1-2001, 22-1-2001 എം.എ.കെ. കാഷ്യൂ പ്രൊഡക്ടേഴ്സ്, തോട്ടത്തറ, കൊട്ടാരക്കര 15-1-2001, 29-1-2001 അമൽ കാഷ്യൂ കമ്പനി, ചുനക്കര, ആലപ്പുഴ 2-1-2001, 31-1-2001.

(ഡി) സാധാരണ ഫാക്ടറികൾക്ക് ലൈസൻസ് നല്കുന്നതുപോലെ കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് നല്കാൻ നിർവ്വാഹമില്ല. കാഷ്യൂ പ്രോസസിംഗ് അപകട സാദ്ധ്യത ഉള്ളതും മലിനീകരണം ഉണ്ടാകുന്നതുമായ വ്യവസായമായതിനാൽ ഇത്തരം വ്യവസായങ്ങൾക്ക് കൈക്കൊള്ളേണ്ട പ്രത്യേക നടപടിക്രമങ്ങൾ സംബന്ധിച്ച ഇതര വകുപ്പുകൾ നല്കുന്നതോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾക്ക് വിധേയമായിട്ടോ ലൈസൻസ് നല്കാൻ സാധിക്കുകയുള്ളു.

നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി പദ്ധതികൾ

6 (*184) ശ്രീ. എം. ദാസൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച സർക്കാർ തലത്തിൽ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ആണെന്നും ഇതിന്റെ ഓരോന്നിന്റെയും ഉല്പാദനശേഷി എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് പ്രതിദിനം ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിൽ പ്രതിദിനം ഉപഭോഗം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൂടുതലായി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് മന്ത്രിതലത്തിൽ മാസത്തിൽ ഒരു തവണയെങ്കിലും ബോർഡ് ചെയർമാന്റേയും മറ്റു മെമ്പർമാരുടേയും മീറ്റിംഗ് വിളിച്ച് വിലയിരുത്തലുകൾ നടത്താറുണ്ട്. കൂടാതെ, ബഹുമാനപ്പെട്ട മന്ത്രിയുടെ ആഭിമുഖ്യത്തിൽതന്നെ മേഖലാതലത്തിൽ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തലുകൾ പതിവായി നടത്താറുണ്ട്.

(ബി&സി)

	പദ്ധതിയുടെ പേര്	ഉല്പാദനശേഷി	ലക്ഷ്യമിട്ടിട്ടുള്ള പൂർത്തീകരണ തീയതി
1.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	100 മെ.വാ.	ജൂൺ 2004
2.	ആതിരപ്പള്ളി	.....മെ.വാ.	.....
3.	മലമ്പുഴ	2.50 മെ.വാ.	പണിപൂർത്തിയായില്ല
4.	കുറ്റ്യാടി റ്റെയിൽറേസ്	3.75 മെ.വാ.	ഡിസംബർ 2003
5.	മലങ്കര	10.50 മെ.വാ.	മാർച്ച് 2002
6.	ചെംപുക്കടവ് ഒന്നാംഘട്ടം	2.70 മെ.വാ.	ഡിസംബർ 2001
7.	ചെംപുക്കടവ് രണ്ടാംഘട്ടം	3.75 മെ.വാ.	ജൂൺ 2002
8.	ഉറുമി ഒന്നാംഘട്ടം	3.75 മെ.വാ.	ജൂൺ 2002
9.	ഉറുമി രണ്ടാംഘട്ടം	2.40 മെ.വാ.	ജൂൺ 2002
10.	ഭൂതത്താൻകെട്ട് (സ്വകാര്യനിലയം)	16 മെ.വാ.	മാർച്ച് 2002
11.	ഉള്ളുങ്കൽ (സ്വകാര്യനിലയം)	7 മെ.വാ.	മാർച്ച് 2001
12.	കരിക്കയം (സ്വകാര്യനിലയം)	15 മെ.വാ.	ഡിസംബർ 2002
13.	കുത്തുങ്കൽ (സ്വകാര്യനിലയം)	21 മെ.വാ.	മാർച്ച് 2001
14.	ഡി.സി.പി. കാസർഗോഡ് (സ്വകാര്യതാപനിലയം)	107 മെ.വാ.	സെപ്റ്റംബർ 2002
15.	കെ.പി.സി. കാസർഗോഡ് (സ്വകാര്യനിലയം)	21 മെ.വാ.	മാർച്ച് 2001

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫെബ്രുവരി മാസത്തിൽ സംസ്ഥാനത്ത് പ്രതിദിനം ശരാശരി 25.42 മി.യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു.

(ഇ) ഫെബ്രുവരി മാസത്തിലെ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം ശരാശരി 35.75 മി.യൂണിറ്റ് ആയിരുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1007.1 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ കമ്മീഷൻ ചെയ്ത വിവിധ പദ്ധതികളിൽ നിന്നും 2000-2001-ൽ 2001 ജനുവരി വരെ 7547.55 മി.യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് 1991-92 മുതൽ 5/1996 വരെ 30575.06 മില്യൻ യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്ന 5/1996 മുതൽ 1/2001 വരെ 34652.31 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1/2001 വരെ 4077.25 മില്യൻ യൂണിറ്റ് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിച്ചിട്ടുണ്ട്.

കർഷകർക്ക് പലിശരഹിത വായ്പ

7 (*185) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കർഷകർക്കുള്ള പലിശരഹിത വായ്പാ പദ്ധതി സംസ്ഥാന വ്യാപകമാകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുള്ള സാമ്പത്തിക നഷ്ടങ്ങളുടെ കെടുതികളിൽ നിന്നും കർഷകരെ രക്ഷിക്കാൻ പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പലിശരഹിത വായ്പ പദ്ധതിയുടെ പ്രയോജനം എത്ര കർഷകർക്ക് ലഭിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കർഷകർക്ക് സഹകരണ സ്ഥാപനങ്ങളിലൂടെ പലിശരഹിത വായ്പ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സ്വാശ്രയസഹായസംഘം പദ്ധതിപ്രകാരം സഹകരണ സംഘങ്ങൾ വഴി

LIBRARY ARCHIVES Kerala Legislative Assembly